# പോലീസ് ഇൻഫർമേഷൻ സെന്റർ

പോലീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പോലീസ് ആസ്ഥാനത്ത് ഒരു പോലീസ് ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇതിന്റെ സ്ഥാപനോദ്ദേശം താഴെപ്പറയും പ്രകാരമാണ്.

- ജനങ്ങളുടെ സുരക്ഷാ അവബോധം മെച്ചപ്പെടുത്തുക.
- പൊതുസുരക്ഷ ഉറപ്പാക്കാനായി ചെയ്യേണ്ട കാര്യങ്ങൾ ജനങ്ങളെ അറിയിക്കുക.
- പ്രകൃതിക്ഷോഭങ്ങൾ മറ്റു ദുരന്തങ്ങൾ മുതലായവ ഉണ്ടാകുന്ന അവസരങ്ങളിൽ യഥാർത്ഥമായ വിവരങ്ങൾ ശേഖരിച്ച് അറിയിക്കാനുള്ള ഒരു കേന്ദ്രമായി പ്രവർത്തിക്കുക.
- പോലീസിന്റെ പ്രവർത്തികളെയും നേട്ടങ്ങളെയും കുറിച്ച് പൊതുജനങ്ങൾക്ക് അറിവു നൽകുക.
- പ്രത്യേക അവസരങ്ങളിൽ പോലീസിന് നടപ്പാക്കേണ്ടിവരുന്ന ട്രാഫിക് നിയന്ത്രണങ്ങൾ മറ്റു തരത്തിലുള്ള ക്രമീകരണങ്ങൾ പൊതുസുരക്ഷക്കായുള്ള നിബന്ധനകൾ എന്നിവയെക്കുറിച്ച് അറിവു നൽകുക
- കേസന്വേഷണത്തിലും മറ്റു ഔദ്യോഗിക കൃത്യനിർവ്വഹണ സന്ദർഭങ്ങളിലും പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരം നൽകുക.
- പോലീസ് സേന നൽകുന്ന സേവനങ്ങളെക്കുറിച്ചും സേനയുടെ പ്രവർത്തന സാധ്യതകളെയും സേനയുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന നിയമപരമായ പരിമിതികളെയും കുറിച്ചും വസ്തുനിഷ്ഠമായ ചിത്രം നൽകുക.

ആവശ്യം വരുന്ന സന്ദർഭങ്ങളിൽ സുപ്രധാന സംഭവങ്ങളെപ്പറ്റി പോലീസ് ഇൻഫർമേഷൻ സെന്ററിൽ നിന്നും ഡിപ്പാർട്ടുമെന്റിന്റെ വക്താവ് മാധ്യമങ്ങൾക്ക് പ്രസ് ബ്രീഫിംഗിലൂടെ വിവരം നൽകുന്നതാണ്. സാധാരണയായി എല്ലാ ദിവസവും ക്രമമായി ഒരു പത്രക്കുറിപ്പ് നൽകുവാൻ ഉദ്ദേശിക്കുന്നു. പോലീസ് ഇൻഫർമേഷൻ സെന്ററിൽ നിന്നും വിവരങ്ങൾക്കായി രാവിലെ 10 മണി മുതൽ രാത്രി 8 മണി വരെയുള്ള സമയത്ത് 0471-2318188, 9497998995 എന്നീ നമ്പരുകളിൽ പോലീസ് ഇൻഫർമേഷൻ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്.

പോലീസ് ഇൻഫർമേഷൻ സെന്ററിൽ നിന്നും താഴെപ്പറയുന്നവയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതല്ല.

- രഹസ്യാന്വേഷണത്തിലിരിക്കുന്നതും ദേശീയ സുരക്ഷയെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾ
- കേസുകളുടെ രജിസ്ട്രേഷൻ, പ്രതികളുടെ അറസ്റ്റ്, ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്യൽ എന്നീ കാര്യങ്ങളല്ലാതെ കേസിന്റെ അന്വേഷണത്തെ സംബന്ധിക്കുന്ന മറ്റു വിവരങ്ങൾ
- രഹസ്യ സ്വഭാവമുള്ളതും സേനാംഗങ്ങൾക്കുമാത്രം ഉദ്ദേശിച്ചിട്ടുള്ളതുമായ വിവരങ്ങൾ
- വ്യക്തിഗത വകുപ്പുതല ശിക്ഷാ നടപടികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ

പോലീസ് ഇൻഫർമേഷൻ സെന്ററിലെ വകുപ്പുതല വക്താവിന് ഏതെങ്കിലും കാര്യങ്ങളെക്കുറിച്ചുള്ള സംക്ഷിപ്തമായ വിവരങ്ങൾ നൽകാനേ കഴിയുകയുള്ളൂ. നയപരമായ കാര്യങ്ങളിൽ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം സെന്ററിൽ നിന്നും പ്രതീക്ഷിക്കാവുന്നതല്ല.വസ്തുതാപരമായ വിവരങ്ങൾ മാത്രമേ സെന്ററിൽ നിന്നും ലഭിക്കുകയുള്ളൂ.തത്സമയം ലഭ്യമല്ലാത്ത വിവരങ്ങൾ ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും ശേഖരിച്ചുനൽകുന്നതാണ്. സെന്ററിൽ നിന്നും വിവരം ലഭിക്കാനായി **നോഡൽ ഓഫീസർ,പോലീസ് ഇൻഫർമേഷൻ സെന്റർ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്,ശാസ്തമംഗലം പി.ഒ., തിരുവനന്തപുരം** എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.